# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4228**

**20-03-2018** ൽ മറുപടിയ്ക്ക്

# തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വിൻസെന്റ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചരക്ക് ഗതാഗതത്തിന്റെ 20 ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമായി മാറ്റുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ 20% തീരക്കടലിലൂടെ ആക്കിമാറ്റുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗതപദ്ധതി 2013 നവംബർ മുതൽ ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു. |
| (ബി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് മാന്വൽ ഡ്രഡ്ജിംഗും, മെക്കാനിക്കൽ ഡ്രഡ്ജിംഗും സർക്കാർ അവലംബിക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, കൊല്ലം തുടങ്ങിയ തുറമുഖങ്ങളിൽ കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തിരം മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തി വരുന്നുണ്ട്. ഇപ്പോൾ അഴീക്കൽ, കൊടുങ്ങല്ലൂർ തുറമുഖങ്ങളിൽ ടി പ്രവൃത്തി നടന്നുവരികയാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കൊല്ലം തുറമുഖത്തിന്റെ ആഴം 10 മീറ്ററായും, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ ആഴം 5-6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 19 കോടി രൂപ മുതൽ മുടക്കിൽ ഒരു കട്ടർ സക്ഷൻ ഡ്രെഡ്ജർ വാങ്ങിയിട്ടുണ്ട്. കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, അഴീക്കൽ, വടകര, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിലാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തി വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം, പരിചയ സമ്പന്നരായ മാന്വൽ ഡ്രഡ്ജിംഗ് തൊഴിലാളികളെ ഉപയോഗിച്ച് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള നയം 09/2/2017-ലെ സർക്കാർ |

ഉത്തരവ് (കൈ) നമ്പർ 2/2017/മതുവ പ്രകാരം നടപ്പിൽ വരുകയും ആയതിൻ പ്രകാരം മാന്വൽ ഡ്രഡ്ജിംഗ് കുറ്റമറ്റരീതിയിൽ നടന്നുവരികയും ചെയ്യുന്നു

| | | | |
|---|---|---|---|
| (സി) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്ന തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ? | (സി) | കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തി 2018-19 സാമ്പത്തിക വർഷം പൂർണ്ണ തോതിൽ ആരംഭിക്കുന്നതാണ്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച്സ്റ്റാക്കർ , 20 ടൺ ക്രെയിൻ , ഫോർക്ക് ലിഫ്റ്റ് , വിടി.എം.എസ് മുതലായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകൾ വളരെ അത്യാവശ്യമാണ് . ഇതിനായി എം.ടി കേരളം, എം.ടി.മലബാർ തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും കസ്റ്റംസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. കൊല്ലം, ബേപ്പൂർ , അഴീക്കൽ തുറമുഖങ്ങളിൽ imigration / Plant Quarantine Clearance -ന് ആവശ്യമായ സ്ഥിരം സൗകര്യം ഏർപ്പാടാക്കുന്നതിനുവേണ്ട അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കാൻ ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ